ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

**NATIONAL BULLETIN**

DATE: 14.04.2025 | പ്രധാന വാർത്തകൾ | TIME : 12.50 PM

1.) ഭരണഘടന ശില്പി ഡോ. ബി.ആർ. അംബേദ്കറുടെ 135 ആം ജന്മവാർഷിക ദിനത്തിൽ ശ്രദ്ധാഞ്ജലി അർപ്പിച്ച് രാജ്യം. പാർലമെന്റിലെ അംബേദ്കർ പ്രതിമയിൽ പുഷ്പാർച്ചന നടത്തി രാഷ്ട്രപതി, ഉപരാഷ്ട്രപതി, പ്രധാനമന്ത്രി തുടങ്ങിയവർ.

**Nation pays tribute to Dr. B.R. Ambedkar on his 135th birth anniversary; President, Vice President, and Prime Minister and others offer floral tributes at Ambedkar statue in the Parliament House Complex.**

2.) എല്ലാവരെയും ഉൾക്കൊള്ളുന്ന വികസന കേന്ദ്രീകൃത പ്രവർത്തനങ്ങൾക്ക് സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

**Prime Minister Narendra Modi affirms government's commitment to inclusive and development-centric initiatives**

3.) ഐശ്വര്യത്തിന്റെയും പ്രതീക്ഷയുടെയും വിഷു ആഘോഷിച്ച് ലോകമെമ്പാടുമുള്ള മലയാളികൾ. പ്രധാനമന്ത്രി, ഗവർണർ, മുഖ്യമന്ത്രി തുടങ്ങിയവർ വിഷു ആശംസകൾ നേർന്നു.

**Malayalis across the globe celebrate Vishu with joy and hope; Prime Minister, Governor, and Chief Minister extend festive greetings**

4.) പഞ്ചാബ് നാഷണൽ ബാങ്ക് വായ്പാതട്ടിപ്പു കേസിൽ വജ്രവ്യാപാരി മെഹുൽ ചോക്സി ബെൽജിയത്തിൽ അറസ്റ്റിലായതായി റിപ്പോർട്ട്.

**Reports claim fugitive diamantaire Mehul Choksi arrested in Belgium in connection with Punjab National Bank loan fraud case.**

5.) ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ലക്നൗ സൂപ്പർ ജയൻറ്സ്, ചെന്നൈ സൂപ്പർ കിങ്സുമായി ഏറ്റുമുട്ടും.

**Lucknow Super Giants to face Chennai Super Kings in IPL clash today**

## HEADLINE-1

**PRESIDENT – AMBEDKAR JAYANTI**

ഭരണഘടന ശില്പി ഡോ. ബി.ആർ. അംബേദ്കറുടെ 135 ആം ജന്മവാർഷിക ദിനത്തിൽ ശ്രദ്ധാഞ്ജലി അർപ്പിച്ച് രാജ്യം. സാമൂഹ്യ പരിഷ്കർത്താവ്, സാമ്പത്തിക ശാസ്ത്രജ്ഞൻ, വിദ്യാഭ്യാസ വിദഗ്ദ്ധൻ, നിയമജ്ഞൻ എന്നിങ്ങനെ ബഹുമുഖ വ്യക്തിത്വത്തിനുടമയായിരുന്നു അംബേദ്കർ. സ്വതന്ത്ര ഇന്ത്യയുടെ ആദ്യ നിയമ-നീതി മന്ത്രിയായ അദ്ദേഹത്തിന്, 1990-ൽ മരണാനന്തരം, പരമോന്നത ബഹുമതിയായ ഭാരതരത്നം നൽകി രാഷ്ട്രം ആദരിച്ചു. രാഷ്ട്രപതി ദ്രൗപതി മുർമു, ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ, പ്രധാനമന്ത്രി നരേന്ദ്ര മോദി, ലോക്സഭാ സ്പീക്കർ ഓം ബിർള, കേന്ദ്രമന്ത്രിമാർ, ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി, മറ്റ് പാർലമെന്റംഗങ്ങൾ തുടങ്ങിയവർ ഇന്ന് രാവിലെ പാർലമെൻറ് മന്ദിരത്തിലെ ബാബാസാഹിബിന്റെ പ്രതിമയിൽ പുഷ്പാർച്ചന നടത്തി. സാമൂഹികമാറ്റത്തിനും ശാക്തീകരണത്തിനുമുള്ള ഉപാധിയായാണ് അംബേദ്കർ വിദ്യാഭ്യാസത്തെ കണ്ടിരുന്നതെന്നും ഡോ. അംബേദ്കറുടെ ആദർശങ്ങൾ പിന്തുടരാനും രാഷ്ട്രപതി ആഹ്വാനം ചെയ്തു.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

**PM – RAHUL – AMBEDKAR**

ഡോ. അംബേദ്കറുടെ തത്വങ്ങളും ആദർശങ്ങളും, വികസിതഭാരതം സൃഷ്ടിക്കാനുള്ള പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. സാമൂഹികനീതിയെന്ന സ്വപ്നം സാക്ഷാത്കരിക്കുന്നതിന് സമർപ്പണത്തോടെ പ്രയത്നിക്കാൻ അംബേദ്കറുടെ ആശയങ്ങൾ പ്രചോദനമാണെന്നും പ്രധാനമന്ത്രി പറഞ്ഞു.

രാജ്യത്തിന്റെ ജനാധിപത്യം ശക്തിപ്പെടുത്താൻ ഡോ.അംബേദ്കർ നടത്തിയ പരിശ്രമങ്ങൾ ഭരണഘടനാ തത്വങ്ങൾ സംരക്ഷിക്കാനുള്ള പോരാട്ടത്തിൽ നമ്മെ നയിക്കുമെന്ന് ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി പറഞ്ഞു.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

**DR AMBEDKAR NAGAR EXPRESS**

ഡോ. അംബേദ്കർ നഗർ - കോട്ട - ന്യൂഡൽഹി എക്സ്പ്രസ് ട്രെയിൻ ലോക്സഭാ സ്പീക്കർ ഓം ബിർള, മധ്യപ്രദേശ് മുഖ്യമന്ത്രി മോഹൻ യാദവ്, കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് എന്നിവർ ചേർന്ന് ഫ്ലാഗ് ഓഫ് ചെയ്തു. റെയിൽവേ പദ്ധതികൾക്കായി മധ്യപ്രദേശിന് 14,745 കോടി രൂപയും രാജസ്ഥാന് 9,960 കോടി രൂപയും ബജറ്റിൽ അനുവദിച്ചിട്ടുണ്ടെന്ന് ശ്രീ വൈഷ്ണവ് പറഞ്ഞു.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

**AKASHAVANI-AMBEDKAR JAYANTHI**

അംബേദ്കർ ജയന്തി ദിനമായ ഇന്ന് ആകാശവാണി തിരുവനന്തപുരം നിലയത്തിൽ ബാബാസാഹേബ് അനുസ്മരണം സംഘടിപ്പിച്ചു. ഡോ ബി. ആർ. അംബേദ്കറിന്റെ ഛായ ചിത്രത്തിൽ പുഷ്പാർച്ചനയും നടത്തി.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

# HEADLINE-2

**PM-HARIYANA (INTRO)**

*എല്ലാവരെയും ഉൾക്കൊള്ളുന്ന വികസന കേന്ദ്രീകൃത പ്രവർത്തനങ്ങൾക്ക് സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ദളിതർ, ദരിദ്രർ, പാർശ്വവൽക്കരിക്കപ്പെട്ടവർ, പിന്നോക്ക വിഭാഗങ്ങൾ തുടങ്ങിയവരുടെ വികസനത്തിനായി പ്രവർത്തിക്കുക എന്നതാണ് കേന്ദ്ര നയമെന്നും പ്രധാനമന്ത്രി പറഞ്ഞു. ഹരിയാനയിലെ ഹിസാർ വിമാനത്താവളത്തിലെ പുതിയ ടെർമിനലിന്റെ ശിലാസ്ഥാപനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. ഹിസാർ-അയോദ്ധ്യ വിമാനസർവീസും ശ്രീ മോദി ഫ്ലാഗ് ഓഫ് ചെയ്തു. കൂടുതൽ വിമാനസർവീസുകൾ വരുന്നതോടെ ഈ മേഖലയിലെ തൊഴിലവസരങ്ങളും വർധിക്കുമെന്ന് പ്രധാനമന്ത്രി പറഞ്ഞു.*

*(വോയിസ്... )*

*ഹരിയാനയിലെ യമുന നഗറിലും പ്രധാനമന്ത്രി വിവിധ വികസന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കും.*

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

# HEADLINE-3

## VISHU

കണികണ്ടും കൈനീട്ടം വാങ്ങിയും ലോകമെമ്പാടുമുള്ള മലയാളികൾ ഇന്ന് ഐശ്വര്യത്തിന്റെയും പ്രതീക്ഷയുടെയും വിഷു ആഘോഷിക്കുന്നു. കാർഷിക സമൃദ്ധിയുടെ നല്ല നാളെകളെ വരവേറ്റ് കാർഷിക വിളകൾക്കുള്ള തയ്യാറെടുപ്പും വിഷുക്കാലത്ത് നടക്കുന്നു. വിഷുപ്പുലരിയിൽ ഗുരുവായൂർ, ആറന്മുള പാർത്ഥസാരഥി ക്ഷേത്രം, തിരുവനന്തപുരം ശ്രീ പത്മനാഭസ്വാമി ക്ഷേത്രം തുടങ്ങി കേരളത്തിലെ വിവിധ ക്ഷേത്രങ്ങളിൽ വൻ തിരക്ക് അനുഭവപ്പെട്ടു. ശബരിമല സന്നിധാനത്തും വിഷുക്കണി കാണാനും വിഷുക്കൈനീട്ടം വാങ്ങാനും തീർത്ഥാടകരെത്തി.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## VISHU WISHES

എല്ലാ മലയാളികൾക്കും വിഷു ആശംസകൾ നേർന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. പുതുവർഷം ജീവിതത്തിൽ പുതിയ പ്രതീക്ഷകളും

സമാധാനവും നിറയ്ക്കട്ടെയെന്നും, പുതിയ തുടക്കങ്ങളും വിജയവും കൈവരട്ടെയെന്നും പ്രധാനമന്ത്രി ആശംസിച്ചു. ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ, ലോക് സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി, മുഖ്യമന്ത്രി പിണറായി വിജയൻ, പ്രതിപക്ഷ നേതാവ് വി ഡി സതീശൻ തുടങ്ങിയവരും വിഷു ആശംസകൾ നേർന്നു. മുഖ്യമന്ത്രിക്കും മന്ത്രിമാർക്കും പ്രതിപക്ഷനേതാവിനും കേരളത്തിൽ നിന്നുള്ള കേന്ദ്രമന്ത്രിമാർക്കും ഗവർണ്ണർ വിഷു ഉപഹാരം നൽകി. വിഷു കൈനീട്ടവും കോടിയും മധുരവും അടങ്ങുന്ന ഉപഹാരമാണ് നൽകിയത്.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## TAMIL NEW YEAR DAY

തമിഴ്നാട്ടിൽ ഇന്ന് പുതുവത്സരാഘോഷം. ചിത്തിരൈ മാസത്തിന്റെ ആദ്യ ദിവസമാണ് തമിഴ് പുത്താണ്ട് ആഘോഷിക്കുന്നത്. തമിഴ്നാട്ടിലെ വിവിധ ക്ഷേത്രങ്ങളിൽ വലിയ തിരക്ക് അനുഭവപ്പെട്ടു. മലയാളികൾ വിഷു ആഘോഷിക്കുന്നതിനൊപ്പം തമിഴർ ഇന്ന് പുതുവസ്ത്രങ്ങളണിഞ്ഞ് വിഭവസമൃദ്ധമായ സദ്യയൊരുക്കി കുടുംബാംഗങ്ങളുമൊത്ത് പുത്താണ്ട് ആഘോഷിക്കുകയാണ്. അസം, ഒഡീഷ, മഹാരാഷ്ട്ര, പഞ്ചാബ് തുടങ്ങിയ സംസ്ഥാനങ്ങളിലും ഇന്ന് വിഷുവിനു സമാനമായ ആഘോഷങ്ങൾ നടക്കുന്നുണ്ട്.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്........

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## FDI Pharma

കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ രാജ്യത്തെ ഫാർമസ്യൂട്ടിക്കൽസ്, മെഡിക്കൽ ഉപകരണ മേഖലയ്ക്ക് ലഭിച്ചത് 11,888 കോടി രൂപയുടെ നേരിട്ടുള്ള വിദേശ നിക്ഷേപം. 2024 ഏപ്രിൽ മുതൽ ഡിസംബർ വരെയുള്ള കണക്കാണിത്. ഇതിനുപുറമെ, 2024-25 കാലയളവിൽ നിലവിലുള്ള പദ്ധതികൾക്കായി 7,246.4 കോടി രൂപയുടെ 13 എഫ്ഡിഐ നിർദ്ദേശങ്ങൾക്ക് അംഗീകാരം നൽകുകയും ചെയ്യതോടെ ആകെ നിക്ഷേപം 19,134.4 കോടി രൂപയായി ഉയർന്നു.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

**AMIT SHAH-DRUG**

മയക്കുമരുന്ന് ശൃംഖലകളെ രാജ്യത്തു നിന്ന് തുടച്ചു നീക്കാനുള്ള കേന്ദ്രസർക്കാരിന്റെ ശ്രമങ്ങൾ തുടരുമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. അന്താരാഷ്ട്ര സമുദ്ര അതിർത്തിക്ക് സമീപം 1,800 കോടി രൂപ വിലമതിക്കുന്ന 300 കിലോഗ്രാം മയക്കുമരുന്ന് പിടിച്ചെടുത്തതായി അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു. മയക്കുമരുന്ന് രഹിത ഇന്ത്യ കെട്ടിപ്പടുക്കുന്നത് ലക്ഷ്യമിട്ടുള്ള നടപടിക്ക് നേതൃത്വം നൽകിയ ഗുജറാത്ത് പോലീസിനെയും ഇന്ത്യൻ കോസ്റ്റ് ഗാർഡിനെയും ശ്രീ ഷാ അഭിനന്ദിച്ചു.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

# HEADLINE-4

**MEHUL CHOKSI ( INTRO )**

***പഞ്ചാബ് നാഷണൽ ബാങ്ക് വായ്പാതട്ടിപ്പു കേസിൽ കുറ്റാരോപിതനായ വജ്രവ്യാപാരി മെഹുൽ ചോക്സി ബെൽജിയത്തിൽ അറസ്റ്റിലായതായി റിപ്പോർട്ട്. സി.ബി.ഐ യുടെ അഭ്യർത്ഥന പ്രകാരമാണ് ശനിയാഴ്ച്ച ചോക്സിയെ അറസ്റ്റ് ചെയ്തത്. 13,500 കോടി രൂപയുടെ വായ്പാ തട്ടിപ്പ് കേസിൽ ആരോപണ വിധേയനായ ചോക്സി, 2018 ലാണ് ഇന്ത്യ വിട്ടത്. രാജ്യത്തെ പാവപ്പെട്ടവർക്ക് അർഹതപ്പെട്ട പണം തട്ടിയെടുത്ത എല്ലാവരെയും പിടികൂടുമെന്നും പണം വീണ്ടെടുക്കുമെന്നും കേന്ദ്ര സഹമന്ത്രി പങ്കജ് ചൗധരി പ്രതികരിച്ചു.***

***( വോയിസ്.... )***

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

**Partha Ghosh**

വിരമിച്ച ഇന്ത്യൻ ഇൻഫർമേഷൻ സർവീസ് ഓഫീസർ പാർത്ഥ ഘോഷ് അന്തരിച്ചു. മഞ്ഞപ്പിത്തം ബാധിച്ച് ചികിത്സയിൽ ആയിരുന്നു. കൊൽക്കത്ത ആകാശവാണി, ദൂരദർശൻ, പ്രസ് ഇൻഫോർമേഷൻ ബ്യൂറോ, സി ബി സി എന്നിവിടങ്ങളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

# HEADLINE-5

**IPL**

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ലക്നൗ സൂപ്പർ ജയൻറ്സ്, ചെന്നൈ സൂപ്പർ കിങ്സുമായി ഏറ്റുമുട്ടും. രാത്രി 7:30 നാണു മത്സരം.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

**GANGULY–ICC**

അന്താരാഷ്ട്ര ക്രിക്കറ്റ് കൗൺസിൽ പുരുഷ ക്രിക്കറ്റ് സമിതിയുടെ അധ്യക്ഷനായി ഇന്ത്യയുടെ മുൻ ക്യാപ്റ്റൻ സൗരവ് ഗാംഗുലിയെ വീണ്ടും തിരഞ്ഞെടുത്തു. 2000 മുതൽ 2005 വരെ ഇന്ത്യൻ ക്യാപ്റ്റൻ ആയിരുന്ന ഗാംഗുലിയെ, 2021 ലാണ് സമിതി അധ്യക്ഷ സ്ഥാനത്തേക്ക് ആദ്യമായി തിരഞ്ഞെടുത്തത്. പാനൽ അംഗമായി വി വി എസ് ലക്ഷ്മണേയും വീണ്ടും തിരഞ്ഞെടുത്തു.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

**US TARIFF(INTRO)**

സ്മാർട്ട്ഫോണുകൾ, അർദ്ധ ചാലകങ്ങൾ, കംപ്യൂട്ടറുകൾ എന്നിവയുടെ ഇറക്കുമതിക്ക് പ്രത്യേക തീരുവ ഏർപ്പെടുത്താൻ ഒരുങ്ങി അമേരിക്ക. ഇലക്ട്രോണിക്സ്, അർധചാലകങ്ങൾ എന്നിവയുടെ ഇറക്കുമതിയെ പകരച്ചുങ്കത്തിൽ നിന്ന് ഒഴിവാക്കിയതിന് പിന്നാലെയാണ് പുതിയ തീരുമാനം. അടുത്ത രണ്ട് മാസത്തിനകം തീരുവ ഈടാക്കുമെന്ന് യു എസ് വാണിജ്യ സെക്രട്ടറി ഹൊവാർഡ് ലുട്ട്ണിക് ഇന്നലെ വ്യക്തമാക്കി.

(ഹോൾഡ് വോയിസ്)

ചൈനയിൽ നിന്നടക്കം ഇറക്കുമതി ചെയ്യുന്ന ഔഷധ ഉല്പന്നങ്ങൾക്കുടെ തീരുവ വർധിപ്പിക്കാൻ പദ്ധതിയിടുന്നതായും യു.എസ് വാണിജ്യ സെക്രട്ടറി വ്യക്തമാക്കി.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡
✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

**SUDAN – KILLED**

സുഡാനിൽ, എൽ ഫാഷർ നഗരത്തിലെ അഭയാർഥി ക്യാമ്പുകളിൽ അർധസൈനിക വിഭാഗമായ റാപിഡ് സപ്പോർട്ട് ഫോഴ്സ് നടത്തിയ ആക്രമണത്തിൽ ഇരുന്നൂറിലധികംപേർ കൊല്ലപ്പെട്ടു. നിരവധിപ്പേർക്ക് പരിക്കേറ്റു. കൊല്ലപ്പെട്ടവരിൽ, ക്യാമ്പിലെ ആശുപത്രിയിൽ സന്നദ്ധസേവനം നടത്തിയിരുന്ന ആരോഗ്യപ്രവർത്തകരുമുണ്ടെന്നാണ് റിപ്പോർട്ട്.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## FIJI - EARTHQUAKE

ദ്വീപ് രാഷ്ട്രമായ ഫിജിയുടെ തെക്കൻ മേഖലയിൽ ഭൂചലനം. റിക്ടർ സ്കെയിലിൽ 6.3 തീവ്രത രേഖപ്പെടുത്തിയ ഭൂചലനം ഇന്ന് പുലർച്ചെയാണ് അനുഭവപ്പെട്ടത്. എന്നാൽ സുനാമി മുന്നറിയിപ്പുകളൊന്നും നൽകിയിട്ടില്ല.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## Kerala Gold

സ്വർണ്ണ വിലയിൽ നേരിയ കുറവ്. പവന് 120 രൂപ കുറഞ്ഞ്, 70,040 രൂപയാണ് ഇന്നത്തെ സ്വർണ്ണ വില.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## WEATHER

കേരളത്തിൽ ഈ മാസം 17 വരെ ഇടിമിന്നലോടുകൂടിയ ഒറ്റപ്പെട്ട മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തെക്കൻ കേരളത്തിൽ കാപ്പിൽ മുതൽ പൂവാർ വരെയും കന്യാകുമാരി തീരത്തും ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ട്.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## DRDO -LASER-BASED WEAPON SYSTEM

മിസൈലുകൾ, ഫിക്സഡ് വിങ് പോർവിമാനങ്ങൾ, ആളില്ലാ വിമാനങ്ങൾ എന്നിവയെ ലേസർ രശ്മികൾ ഉപയോഗിച്ചു നേരിടാനുള്ള സാങ്കേതിക വിദ്യ വികസിപ്പിച്ച് ഇന്ത്യ. യുഎസ്, ചൈന, റഷ്യ എന്നീ രാജ്യങ്ങൾ മാത്രമാണ്

മുൻപ് ഈ നേട്ടം കൈവരിച്ചിട്ടിട്ടുള്ളത്. DRDO-യ്ക്ക് കീഴിലുള്ള ഹൈദരാബാദിലെ The Centre for High Energy Systems & Sciences ന്റെ നേതൃത്വത്തിലാണ് പരീക്ഷണം വിജയകരമായി പൂർത്തിയാക്കിയത്.